**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 654** **23-02-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള അധികാരം, വൈദ്യുതി നിയമം-2003 ലെ 42, 65, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. നിലവിലുള്ള വൈദ്യുതി ചാർജ് പരിഷ്കരിക്കുന്നതിന് കെ. എസ്.ഇ. ബി. ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഒരു പെറ്റീഷൻ 10.02.2022-ൽ സമർപ്പിച്ചിട്ടുണ്ട്. വൈദ്യുതി നിയമവും, താരിഫ് ചട്ടങ്ങളും നിഷ്കർഷിക്കുന്ന എല്ലാ നടപടി ക്രമങ്ങളും(പൊതു തെളിവെടുപ്പ് ഉൾപ്പെടെ) പാലിച്ച കൊണ്ടു മാത്രമേ വർദ്ധനവിന്റെ കാര്യത്തിൽ റെഗുലേറ്ററി കമ്മീഷൻ അന്തിമ തീരുമാനമെടുക്കുകയുള്ളൂ. |
| (ബി) | വൈദ്യുത നിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കാൻ സർക്കാർ ഏതെങ്കിലും കമ്മറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | ഇല്ല; എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ചീഫ് എഞ്ചിനീയർ (കൊമേഴ്സ്യൽ & താരിഫ്)-ന്റെ കീഴിൽ, വൈദ്യുതി മേഖലയിൽ രാജ്യത്തുണ്ടാകുന്ന പരിഷ്കരണങ്ങൾക്കും, സംസ്ഥാനത്തെ സാമ്പത്തിക വ്യവസായ സ്ഥിതിഗതികൾ അപഗ്രഥിച്ചും, സാമൂഹികമായി പിന്നോക്കാവസ്ഥയിലുള്ളവരുടെ സ്ഥിതി പരിഗണിച്ചും, എല്ലാവിധ ഉപഭോക്താക്കൾക്കും ന്യായവിലക്ക് വൈദ്യുതി നൽകുന്നതിനുള്ള ശുപാർശകൾ റെഗുലേറ്ററി കമ്മീഷന് നൽകുന്നതിന് ഒരു സെൽ പ്രവർത്തിക്കുന്നുണ്ട്. ടി സെല്ലിന്റെ ശുപാർശകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് (ഫുൾടൈം) വ്യക്തമായ പരിശോധന നടത്തി അവശ്യം വേണ്ട തിരുത്തലുകൾ വരുത്തിയ ശേഷമാണ്, താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളായി കമ്മീഷൻ മുമ്പാകെ നൽകുന്നത്. |
| (സി) | നിലവിലുള്ള വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആയതിന്റെ കാരണം | (സി) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള |

| | |
|---|---|
| എന്തൊക്കെയാണെന്നും നിരക്ക് വർദ്ധനവ് മൂലം പ്രതീക്ഷിക്കുന്ന അധിക തുക എത്രയാണെന്നും വിശദമാക്കാമോ? | അധികാരം, വൈദ്യുതി നിയമം-2003 ലെ 42,65,86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. വിതരണ കമ്പനികളുടെ സാമ്പത്തിക ബാധ്യതയുടെ അടിസ്ഥാനത്തിലല്ല വൈദ്യുതി ചാർജ് പരിഷ്ക്കരിക്കുന്നത്, മറിച്ച് വരും വർഷങ്ങളിലേക്കുള്ള കമ്പനിയുടെ പ്രതീക്ഷിത ചെലവും, പ്രതീക്ഷിത വരവും തമ്മിലുള്ള അന്തരത്തിന്റെ അടിസ്ഥാനത്തിലാണ്. നിലവിൽ 8.07.2019-ലെ താരിഫ് ഉത്തരവു പ്രകാരമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്. അതായത് കഴിഞ്ഞ മൂന്നു വർഷമായി സംസ്ഥാനത്ത് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടില്ല. കഴിഞ്ഞ കാലയളവിൽ സംസ്ഥാനത്തുണ്ടായ പ്രളയങ്ങൾ, കോവിഡ് മഹാമാരികൾ എന്നിവ വൈദ്യുതി ബോർഡിന്റെ വരുമാനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. റെഗുലേറ്ററി കമ്മീഷൻ, കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് നിർണ്ണയ ചട്ടങ്ങൾ പ്രകാരം, കെ.എസ്.ഇ.ബി.എൽ അതിന്റെ പ്രതീക്ഷിത വരവുചെലവുകണക്കുകളിന്മേൽ കമ്മീഷൻ മുമ്പാകെ പെറ്റീഷൻ (ARR&ERC) സമർപ്പിക്കാറുണ്ട്. ഇതിന്മേൽ പൊതുതെളിവെടുപ്പ് നടത്തുകയും, നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം വ്യക്തമായ പരിശോധന നടത്തി, അംഗീകരിക്കപ്പെടുന്ന റവന്യൂ കമ്മിയും കെ.എസ്.ഇ.ബി.എൽ സമർപ്പിക്കുന്ന താരിഫ് പെറ്റീഷനും കൂടി കണക്കിലെടുത്താണ് നിരക്കുകൾ പരിഷ്ക്കരിക്കുന്നത്. ഇപ്രകാരം റവന്യൂ കമ്മി നിജപ്പെടുത്തുമ്പോൾ, പ്രധാനമായും കണക്കാക്കുന്ന ചിലവിനങ്ങൾ താഴെ പറയുന്നവയാണ് a) വൈദ്യുതിയുടെ ഉൽപാദന വാങ്ങൽ - ചെലവുകൾ (Generation & Power Purchase Cost) b) പ്രവർത്തന പരിപാലന ചെലവുകൾ (Operation & maintenance cost) c) പലിശ ചെലവുകൾ (interest and finance charges) d) മൂലധന ഓഹരിയുടെ മടക്ക വിഹിതം (Return on equity) e) തേയ്മാന ചിലവുകൾ (Depreciation) ടി ചിലവിനങ്ങൾ, കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങളിലെ വ്യവസ്ഥകളും, മാനദണ്ഡങ്ങളും അനുസരിച്ച് നിജപ്പെടുത്തുന്നു. Operation & Maintenance Cost-ൽ ഉൾപ്പെടുന്ന ശമ്പള വർദ്ധന ചെലവും, സാമ്പത്തിക ബാധ്യതകൾ ഉണ്ടാക്കുന്ന മറ്റു ചെലവുകളും (പ്രധാനമായും Power purchase cost, Interest and Finance charge മുതലായവ) എന്നിവ വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ നിയന്ത്രിക്കുന്നതിനാൽ, മുൻകാല കുടിശ്ശിക |

| | | | | |
|---|---|---|---|---|
| | | | | തുകകൾ താരിഫ് വർദ്ധനവിലൂടെ ഉപഭോക്താക്കൾക്ക് അധികഭാരം ഉണ്ടാക്കുന്നില്ല. കൂടാതെ ARR&ERC ഉത്തരവിലൂടെ അംഗീകരിക്കപ്പെടുന്ന റവന്യൂ കമ്മിയുടെ ഒരുഭാഗം മാത്രമേ താരിഫ് പരിഷ്കരണത്തിലൂടെ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാൻ നിലവിൽ കമ്മീഷൻ അനുവദിക്കുന്നുള്ളൂ. കെ.എസ്. ഇ. ബി. ലിമിറ്റഡിന്റെ 2017-18 കാലയളവ് വരെയുള്ള ട്രൂയിങ് അപ്പ് പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ളതും എന്നാൽ താരിഫിലൂടെ നികത്തപ്പെടാത്തതുമായ കമ്മി 6864.13 കോടി രൂപയാണ്. കൂടാതെ 2018-19 മുതൽ 2020-21 വരെയുള്ള സമർപ്പിക്കപ്പെട്ട ട്രൂ അപ്പ് പെറ്റീഷനും കൂട്ടി ചേർത്ത് 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടു കൂടി റവന്യൂ ഗ്യാപ്പ് 8919 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ടി റവന്യൂ ഗ്യാപ്പ് കുറഞ്ഞ ഒരു അളവിലെങ്കിലും നികത്തേണ്ടത് കമ്പനിയുടെ നിലനിൽപ്പിന് അനിവാര്യമായി തീർന്നിരിക്കുന്നു. കൂടാതെ ഉൽപാദന പ്രസരണ വിതരണ മേഖലകളിൽ അവശ്യം വേണ്ട മുതൽമുടക്ക് അനിവാര്യമായി വന്നിട്ടുണ്ട്. ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ നൽകുന്നതിന് അടുത്ത അഞ്ചു വർഷത്തേക്കുള്ള മുതൽമുടക്ക് ഏകദേശം 28419 കോടി രൂപ വരും. ഇക്കാരണങ്ങളാലാണ് കുറഞ്ഞ ഒരളവിലെങ്കിലും നിരക്ക് പരിഷ്കരണത്തിനുള്ള ശിപാർശകൾ സമർപ്പിക്കേണ്ടതായി വന്നത്. 2022-23 മുതൽ 2026-27 വരെയുള്ള അഞ്ച് വർഷത്തേക്ക്, ഓരോ വർഷവും യഥാക്രമം 2249, 786, 371, 488, 252 കോടി രൂപ റവന്യൂ ഗ്യാപ്പ് നികത്തുന്നതിന് വേണ്ടിയുള്ള താരിഫ് പരിഷ്കരണ ശുപാർശകളാണ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ